**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**16 February 2018**

**(29 Jamad'ul Awwal 1439 AH)**

# "STATUS OF FATHER & SON".

# പിതാവിന്റെയും പുത്രന്റെയും പദവി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **പിതാവിന്റെയും പുത്രന്റെയും പദവി** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ലോകത്തിന്റെ / സമ്പൂർണ്ണ മാതൃകയാണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ). അപരിഷ്കൃതരായ ഒരു ജനതയിലേക്കാണ് അദ്ദേഹം നിയോഗിതനായത്. കുടുംബ ബന്ധങ്ങള മാനിക്കാത്ത ജനതയിലേക്ക് ! ഇന്ന് ഞാൻ നിങ്ങളോട് സംസാരിക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്നത് പിതാവിന്റെ സ്ഥാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രവാചകൻ (സ) കാണിച്ചു തന്ന മാതൃകയെ കുറിച്ചാണ്.

നല്ല വ്യക്തിത്വം, നല്ല പെരുമാറ്റം, നല്ല ഉപദേശം ഇവ സൃഷ്ടാവിനെ തൃപ്തിപ്പെടുത്തുന്ന കാര്യങ്ങളാണ്. ഒരു പ്രവാചക വചനമനുസരിച്ച്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. ആരാണോ തന്റെ പിതാവിനെ തൃപ്തിപ്പെടുത്തുന്നത്, അവൻ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നു. പിതാവ് സന്തുഷ്ടനാണെങ്കിൽ, (ശരീഅത്ത് അനുസരിച്ച്, ജീവിക്കുന്നവൻ) ഇത് സൃഷ്ടാവിനെ വളരെയധികം സന്തുഷ്ടനാക്കുന്നു. മറിച്ച് പിതാവ് സന്തുഷ്ടനല്ലെങ്കിൽ ഇത് അല്ലാഹുവിനെ സന്തുഷ്ടനാക്കുന്നില്ല. ഓരോ പിതാ

വിനും അല്ലാഹു  (ത) നല്കിയിരിക്കുന്ന പദവിയാണിത്. ഇത്തരം ഒരു പദവിയാണ് നമ്മുടെ പിതാവിന് നല്കപ്പെട്ടിരിക്കുന്നതെങ്കിൽ, അപ്പോൾ ഒന്നു ചിന്തിക്കുക, പരിശുദ്ധ പ്രവാചകൻ (സ) തന്റെ പിതാവായ അബ്ദു ല്ലയ്ക്ക് എത്ര മഹത്തായ സ്ഥാനമായിരിക്കും നല്കുക എന്ന് !

പരിശുദ്ധ പ്രവാചകൻ (സ) യുടെ ജനനത്തിനു മുമ്പ് തന്നെ ഹസ്രത് അബ്ദുല്ലാഹ് (റ) നബികരീമിന്റെ നേർപിതാവ് മരണപ്പെടുകയുണ്ടായി. എല്ലാ നിലയിലും, എല്ലാ വീക്ഷണകോണുകളിലൂടെയും പരിശുദ്ധപ്രവാ ചകൻ മുഹമ്മദ് (സ) വിശ്വാസികൾക്ക് ഒരു മാതൃക പുരുഷനായിരിക്ക ണമെന്നത് അല്ലാഹു (ത) യുടെ ആഗ്രഹമാണ്. അല്ലാഹുവിന്റെ തിരുദൂ തർ (സ) തന്റെ നേർപിതാവിനെ നേരിട്ട് കണ്ടിട്ടില്ല എന്ന വസ്തുത നിലനില്ക്കേതന്നെ, അല്ലാഹു (ത) അദ്ദേഹത്തിന് ഒരു ദത്തു പിതാവിനെ നല്കുകയുണ്ടായി. യഥാർത്ഥ പിതാവിനെ പോലെ അതേ അവകാശങ്ങ ളോടെ ! പരിശുദ്ധപ്രവാചകൻ (സ) അദ്ദേഹത്ത അതിയായി സ്നേഹി ച്ചു. വളരെ വലിയ ആദരവും ബഹുമാനവും നല്കുകയുണ്ടായി. അതി ലൂടെ അദ്ദേഹത്തിലുണ്ടായിരുന്ന എല്ലാ അന്ധകാരങ്ങളും നീങ്ങിപോ വുകയും, അദ്ദേഹത്തെ പ്രകാശത്തിലേക്ക് നയിക്കുകയും, തത്ഫലമായി അദ്ദേഹം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുമാകുന്നു.

പരിശുദ്ധ പ്രവാചകൻ (സ) യുടെ വളർത്തു പിതാവ് ഹസ്രത് ഹാരിസ് (റ) ഖുർആൻ വെളിപാട് ഇറങ്ങിയ ശേഷം മക്കാനിവാസികളെ ഒരിക്കൽ കാണുകയുണ്ടായി. ഹസ്രത് ഹാരിസ് (റ) നെ, നബിയിൽ വിശ്വസിക്കാത്ത ഖുറൈഷികൾ, കണ്ട ഉടനെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പുത്രൻ പറയുന്നുണ്ട് ഇഹലോകജീവിതത്തിന് ശേഷം, മറ്റൊരു ജീവിത മുണ്ടെന്നും, അത് അവസാന വിധിക്ക് ശേഷമായിരിക്കുമെന്നും, ഓരോ മനുഷ്യന്റെയും പ്രവർത്തി അവനെ സ്വർഗ്ഗത്തിലേക്കോ അഥവാ നരക

ത്തിലേക്കോ നയിക്കുന്നതാണെന്നും പറയുന്നു. നല്ല വിശ്വാസികൾ സൃഷ്ടാവിന്റെ വലയത്തിലായിരിക്കുമെന്നും, അവിശ്വാസികളെ നരകത്തിലേക്ക് എറിയപ്പെടുന്നതാണെന്നും പറയുന്നു. അവരെ സംബന്ധിച്ചിടത്തോളം പ്രവാചകൻ (സ) യുടെ ഈ സന്ദേശം അവരുടെ ഐക്യത്തെ തകർക്കുന്നതായിരുന്നു.

ഹസ്രത് ഹാരിസ് (റ) ആ സമയത്ത് ഇസ്ലാം മതം സ്വീകരിച്ചിരുന്നില്ല. അദ്ദേഹം പരിശുദ്ധ പ്രവാചകൻ (സ) നെ കാണാനും സഹായിക്കാനും പോവുകയായിരുന്നു. പരിശുദ്ധ പ്രവാചകൻ (സ) തന്റെ ദത്തുപിതാവിനെ സ്വീകരിച്ച രീതി വളരെ ബഹുമാനാദരവോടെയായിരുന്നു. അസാധാരണ നിലയിലുമായിരുന്നു. ഹാരിസ് (റ) നോട് ഖുറൈഷികൾ പറഞ്ഞകാര്യങ്ങൾ, പരിശുദ്ധ പ്രവാചകൻ (സ) നോട് പറയുകയുണ്ടായി. അതായത് മരണശേഷമുള്ള ജീവിതത്തെപറ്റിയും അവരുടെ ഐക്യത്തെ തകർത്ത കാര്യവും ! പരിശുദ്ധ പ്രവാചകൻ (സ) ന്റെ മറുപടി ഒറ്റവാചകത്തിലായിരുന്നു. ആ വാചകം അദ്ദേഹത്തിൽ ഹാരിസ് (റ) വിൽ വളരെ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. പ്രസ്തുത വാചകം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അചഞ്ചലമായ വിശ്വാസ ദൃഢത പ്രദാനം ചെയ്തു. പരിശുദ്ധ പ്രവാചകൻ (സ) അദ്ദേഹത്തിന് ഉറപ്പുകൊടുത്തു അതാത് തന്റെ സന്ദേശം സത്യമാണെന്നും, ആ മഹത്തായ ദിനത്തിൽ, വിധി നാളിൽ, അദ്ദേഹം നബി, അദ്ദേഹത്തെ ദത്തുപിതാവിനെ തന്റെ കൈപിടിച്ചു കൊണ്ടു പോകുന്നതാണെന്നും, താൻ ഭൂമിയിൽ വച്ച് അദ്ദേഹത്തോട് പറഞ്ഞതെന്താണോ അത് സത്യമാണെന്നും തെളിയുന്നതാണ്. പ്രസ്തുത വചനം ആകാശത്തേക്കാളും ഭൂമിയേക്കാളും വലിപ്പമുള്ളതായി കണക്കാക്കുന്നതാണ്. ഇതിനെല്ലാമുപരിയായി, ഇതൊരു സാധാരണക്കാരന്റെ മൊഴിയല്ല, ഈ മൊഴി പരിശുദ്ധപ്രവാചകൻ (സ) യുടെ പരിശുദ്ധവായിൽ നിന്നും ഉതിർന്നുവീണതാണ്. ഈ വാചകത്തിന്റെ വലിപ്പം

അദ്ദേഹത്തെ ഒരു ദൃഢവിശ്വാസിയാക്കി മാറ്റി.

പരിശുദ്ധ പ്രവാചകൻ (സ) യും തന്റെ ദത്തു പിതാവും തമ്മിലുള്ള ശക്തമായ ബന്ധത്തെ കാണിക്കുന്ന ഒരു ഉദാഹരണമാണിത്. ഇപ്പോൾ ഒന്ന് ചിന്തിക്കു ! പരിശുദ്ധ പ്രവാചകൻ (സ) തന്റെ നേർപിതാവിനോടുള്ള പെരുമാറ്റം എത്ര മാത്രം ശക്തമായിരിക്കുമെന്ന് ! അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ! തന്റെ ദത്തുപിതാവ്, തെറ്റായ വഴിയിലായിരുന്നുവെങ്കിലും, അദ്ദേഹം ഒരു വിശ്വാസി ആയിരുന്നില്ലെങ്കിലും, പരിശുദ്ധ പ്രവാചകൻ (സ) യുടെ അദ്ദേഹത്തോടുള്ള നല്ല പെരുമാറ്റം മൂലം, തന്റെ പ്രസ്തുത പിതാവിനെ, ശരിയായ മാർഗത്തിൽ നയിക്കുവാൻ സാധിച്ചു.

## മകന്റെ ഉത്തരവാദിത്വം

ഇന്നത്തെ സമൂഹത്തിൽ പ്രയോഗവൽക്കരിക്കുവാൻ പറ്റിയ ഒരു ഉത്തമ മാതൃകയാണിത്. മകന്റെ ഉത്തരവാദിത്വത്തിൽ പെട്ടതാണ്. പിതാവിനെ ശരിയായ പാതയിൽ കൊണ്ടു വരിക എന്നത്. അദ്ദേഹം ശിർക്കിലോ മറ്റു തെറ്റുകളിലോ അകപ്പെട്ടിരിക്കുകയാണെങ്കിൽ, അന്ധകാരത്തിൽ കഴിയുന്ന പിതാവിനെ വെളിച്ചത്തിലേക്ക് നയിക്കുവാൻ കഴിയുന്ന മകന് വളരെ വലിയ പ്രതിഫലം കാത്തിരിക്കുന്നു. പ്രകാശം കണ്ടെത്തി കഴിഞ്ഞപ്പോൾ, ഹാരിസ് (റ) ന്റെ പ്രതികരണം വർണ്ണനാതീതമായിരുന്നു. പ്രവാചകൻ (സ) തുടർന്നു പറയുകയുണ്ടായി, വിധി നാളിൽ, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുവരെയും ഞാൻ അദ്ദേഹത്തിനെ കൈവിടുകയില്ല. ഈ വാക്കുകൾ നമ്മെ കൊണ്ടു പോകുന്നത് ഈമാനിലേക്കാണ് വിശ്വാസ ദൃഢതയിലേക്കാണ്. തന്റെ കൈപിടിച്ചു കൊണ്ട് സ്വർഗ്ഗത്തിലേക്ക് കയറുവാനുള്ള വഴികൾ തന്റെ ഒത്തു പിതാവിന് തുടർന്നു നല്കുകയുണ്ടായി.

ഈ പിതൃപുത്രബന്ധങ്ങളെ ഇപ്പോഴത്തെ സമൂഹം മാതൃകയായി സ്വീകരിക്കേണ്ടതുണ്ട്. അതു സ്വീകരിക്കുവാൻ തയ്യാറായാൽ സമൂഹ ത്തിലെ അന്ധകാരം നീങ്ങിപോകുന്നതാണ്. ശിർക്കിനുള്ള എല്ലാ വാതാ യനങ്ങളും അടയപ്പെടും. തദ്വാരാ ആരോഗ്യമുള്ള സമാധാനമുള്ള ഒരു സമൂഹമായി മാറും. അവിടെ ജീവിക്കുവാൻ നമുക്ക് തോന്നും. പുത്രന്റെ ഉത്തരവാദിത്വമാണ് (മകളുടെയും) പിതാവിനെ ശരിയായ പാതയിൽ കൊണ്ടു വരിക എന്നത്. അതുപോല തിരിച്ചും ! മകൻ അഥവാ മകൾ തെറ്റായ വഴിയിലാണെങ്കിൽ അവരെ ശരിയായ ദിശയിലേക്ക് കൊണ്ടു വരേണ്ടത് പിതാവിന്റെ ബാധ്യതയാണ്.

സഹാബിമാരും, താബിഈങ്ങളും, സ്വാലിഹീങ്ങളും, ആരിഫിങ്ങ ളും, മുതഖീങ്ങളും, വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) യും ഈ സന്ദേശത്തെ വേണ്ട വിധം പരിഗണിച്ചവരാണ്. വാഗ്ദത്തമ സീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന് മുൻപ് വന്നിട്ടുള്ള ഹസ്രത് അബ്ദുൽ ഖാദിർ ജീലാഹി (റ) അദ്ദേഹവും വളരെ നിപുണനായ അധ്യാ പകനും വഴികാട്ടിയുമായിരുന്നു. അദ്ദേഹം നാല് വിവാഹം കഴിച്ചിരുന്നു. 49 കുട്ടികൾ (ആൺകുട്ടികളും പെൺകുട്ടികളും) ഉണ്ടായിരുന്നു. പിതാവും കുട്ടികളും തമ്മിലുള്ള ബന്ധം വളരെ ഊഷ്മളമായിരുന്നു. വാഗ്ദത്തമ സീഹിന്റെ കുട്ടികളെ സംബന്ധിച്ച് പറഞ്ഞാൽ, അവരെല്ലാവരും സ്വാത്തി കരായിരുന്നു. അതിൽ ഒരാൾ വാഗ്ദത്ത പരിഷ്ക്കർത്താവുമായിരുന്നു. തന്റെ പിതാവിന്റെ സന്ദേശത്തെയും മഹത്വത്തെയും അദ്ദേഹം സ്ഥാപി ക്കുകയുണ്ടായി. നേർപുത്രനെന്ന നിലയിലും ആത്മീയ അനന്തരാവകാശി എന്ന നിലയിലും !

പിതാവ് മകന്റെയും മകൻ പിതാവിന്റെയും നല്ല സംരക്ഷണം ഏറ്റെ ടുക്കുക. ഒരു നല്ല പിതാവ്, മിക്കവാറും, നല്ല കുട്ടികൾക്ക് ജന്മം നല്കുന്നു.

അതുപോലെ നല്ല കുട്ടികൾ പിതാക്കന്മാരെ അത്ഭുതപ്പെടുത്തുകയും, പ്രതീക്ഷ നല്കുകയും അവരെ സംസ്ക്കരിക്കുകയും ചെയ്യുന്നു. പരമോന്നതനായ അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിലേക്ക് കാര്യങ്ങൾ ചെന്നെത്തുന്നു.

നമ്മുടെ യജമാനരായ ഹസ്രത് മുഹമ്മദ് (സ) യുടെയും അദ്ദേഹത്തിന്റെ പ്രിയ പിതാക്കന്മാരുടെയും മേൽ (അബ്ദുല്ലായും ഹാരിസും) അല്ലാഹു (ത) അവന്റെ അനന്തമായ അനുഗ്രഹവർഷം ചൊരിയട്ടെ ! അതോടൊപ്പം അദ്ദേഹത്തിന് പ്രിയപ്പെട്ടവരുടെ മേലും അദ്ദേഹത്തിന്റെ സന്ദേശത്തെ കൈകൊണ്ട നിഷ്ക്കളങ്കരായ വിശ്വാസികളുടെ മേലും ! അല്ലാഹു (ത) നമ്മെ എല്ലാവരെയും അദ്ദേഹത്തിന് പ്രിയപ്പെട്ടവരിൽ ആക്കട്ടെ ! ഭൂമിയിലെ ജീവിതത്തിൽ അദ്ദേഹത്തിന്റെ കാലടിപാതകളെ സമ്പൂർണ്ണമായും പിന്തുടരുവാൻ നമുക്കേവർക്കും ഭാഗ്യം നല്കട്ടെ ! ഇൻശാ അല്ലാഹ് ആമീൻ.

**Translated & Issued by :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**